**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1673** **28-07-2021 - ൽ മറുപടിയ്ക്ക്**

**ലാപ്‌ടോപ്പ് വിതരണത്തിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് ഗ്രാമപഞ്ചായത്തിലെ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ലാപ്‌ടോപ്പ് നൽകുന്നതിന് സി.പി.ആർ.സി.എസ് പ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചതുമൂലം പല കുട്ടികൾക്കും കോഴ്സ് കഴിഞ്ഞതിനു ശേഷം മാത്രമാണ് ലാപ്‌ടോപ്പുകൾ നൽകാൻ കഴിഞ്ഞതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എസ്.സി. വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് ലാപ്‌ടോപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തരം ലാപ്‌ടോപ്പ് പർച്ചേസ് ചെയ്യുന്നതിൽ കാലതാമസം നേരിട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ലാപ്‌ടോപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി 2021-22 വർഷത്തെ ലാപ്‌ടോപ്പുകൾ (സർക്കാർ സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്) ഓപ്പൺ ടെണ്ടറിലൂടെ വാങ്ങുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തരം ലാപ്‌ടോപ്പ് പർച്ചേസ് ചെയ്യുന്നതിന് ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനും, വിലയുമുള്ളവ ടെൻഡർ/ ഇ-ടെൻഡർ നടപടിക്രമത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണെന്ന് 07.09.2020 ലെ ഡിഎ1/153/ 2020/തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020 -ൽ നടന്ന യോഗം, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സി.പി.ആർ.സി.എസ്. പോർട്ടൽ മുഖേനയോ ടെൻഡർ/ ഇ-ടെൻഡർ വഴിയോ GEM പോർട്ടൽ മുഖേനയോ ലാപ്ടോപ്പ് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ആയത് 20.01.2020 ലെ ഡിഎ1/363/2019/തസ്വഭവ സർക്കുലറിലെ സ്പെസിഫിക്കേഷനും നിരക്കും പ്രകാരം ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ